പതിനാലാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.5075 22/05/2017-ലെ മറുപടിക്ക്

**'റിസോർട്ട് നിർമ്മാണത്തിന് ഉപയോഗിക്കുന്ന തോട്ടഭൂമി ഏറ്റെടുക്കുവാൻ തീരുമാനം'**

**ചോദ്യം**

ശ്രീ. വി.ടി.ബൽറാം

,, എം.വിൻസെന്റ്

,, പി.ടി.തോമസ്

,, അനിൽ അക്കര

**മറുപടി**

ശ്രീ.ഇ.ചന്ദ്രശേഖരൻ

(റവന്യൂവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | സംസ്ഥാനത്തെ തോട്ടഭൂമി മുറിച്ചു വിൽക്കുന്നതും അത് റിസോർട്ട് നിർമ്മാണത്തിന് ഉപയോഗിക്കുന്നതുമായ കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം നൽകുമോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇടുക്കി ജില്ലയിൽ പീരുമേട് താലൂക്കിൽ പേരിയാർ, വാഗമൺ വില്ലേജുകളിൽ തോട്ടഭൂമിയിൽ റിസോർട്ട് നിർമ്മാണം നടത്തിയിട്ടുണ്ട്. ഇതിനെതിരെ ജില്ലാ കളക്ടർ സ്റ്റോപ്പ് മെമ്മോ നൽകിയിട്ടുണ്ട്. കൂടാതെ തൊടുപുഴ താലൂക്കിൽ മുട്ടം വില്ലേജിൽ മലങ്കര എസ്റ്റേറ്റ് വക തോട്ടഭൂമി മുറിച്ച് വിറ്റിട്ടുണ്ട്. ടി ഭൂമിയ്ക്ക്, ബഹു.ഹൈക്കോടതി ഉത്തരവുകളുടെ അടിസ്ഥാനത്തിൽ പോക്കുവരവ് ചെയ്തു നൽകിയിട്ടുണ്ട്. |
| (ബി) | തോട്ടഭൂമി മുറിച്ച് വിൽക്കുകയും മറ്റ് ആവശ്യങ്ങൾക്കായി ഉപയോഗിക്കുകയും ചെയ്യുന്ന സാഹചര്യത്തിൽ തോട്ടഭൂമി ഏറ്റെടുക്കുവാൻ തീരുമാനിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം നൽകുമോ? | (ബി) | കേരള ഭൂപരിഷ്കരണ നിയമം വകുപ്പ് 81 പ്രകാരം സീലിംഗ് പരിധിയിൽ നിന്ന് വിവിധ ആവശ്യങ്ങൾക്കായി ഒഴിവാക്കി നൽകിയ ഭൂമി തുണ്ടുകളാക്കി കൈമാറ്റം നടത്തുകയും കൈമാറ്റത്തിലൂടെ ഭൂമി ആർജിക്കുന്ന ആൾ പ്രസ്തുത ഭൂമി അതേ ആവശ്യത്തിന് തന്നെ ഉപയോഗിക്കാതിരിക്കുകയും ചെയ്യുന്ന സാഹചര്യത്തിൽ പ്രസ്തുത ഭൂമി സർക്കാരിലേയ്ക്ക് നിക്ഷിപ്തമാക്കുന്നതിന് ഉതകുന്ന തരത്തിൽ കേരള ഭൂപരിഷ്കരണ നിയമത്തിൽ ഭേദഗതി കൊണ്ടു വരുന്ന കാര്യം സർക്കാർ പരിശോധിച്ചു വരുകയാണ്. |

Kashudas

സെക്ഷൻ ഓഫീസർ